# കേരള സർക്കാർ

## സംഗ്രഹം

**ആരോഗ്യകുടുംബക്ഷേമ വകുപ്പ് - പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

==========================================================================

**ആരോഗ്യകുടുംബക്ഷേമ (എഫ്. ഡബ്ല്യൂ) വകുപ്പ്**

**സ.ഉ(പി).നം.46/2017/ആ.കു.വ. തീയതി, തിരുവനന്തപുരം, 05.08.2017**

==========================================================================

**പരാമർശം** 1. 19/04/2017 തീയതിയിലെ സ.ഉ.(പി)നം. 10/2017/പി.& ഇ.എ.

2. 12/05/2017 തീയതിയിലെ സ.ഉ.(ആർ.റ്റി)നം.1348/2017/എച്ച്.&എഫ്.ഡബ്ല്യൂ.ഡി.

3. 28/06/2017 തീയതിയിലെ സ.ഉ.( ആർ.റ്റി)നം.1808/2017/എച്ച്.&എഫ്.ഡബ്ല്യൂ.ഡി.

## <u>ഉത്തരവ്</u>

1. കേരള സർക്കാർ ആർദ്രം മിഷനിലൂടെ ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സേവനങ്ങളെ പുനർനിർണയിച്ചും സേവന ഗുണനിലവാരം മെച്ചപ്പെടുത്തിയും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ആർദ്രം മിഷന്റെ പ്രാഥമിക നയങ്ങളിലൊന്ന്. സേവനങ്ങളിലെ രൂപാന്തരം ലക്ഷ്യമിടുന്നത് സാർവ്വത്രികവും (സ്ഥാപനങ്ങളെ സമീപിക്കുന്നുവോ ഇല്ലയോ എന്ന വ്യത്യാസമില്ലാതെ എല്ലാവർക്കും സേവനം ലഭ്യമാക്കുക) സമഗ്രതയും (സംരക്ഷണം,പ്രതിരോധം, ചികിൽസ, പുനരധിവാസം, സാന്ത്വന പരിചരണം എന്നിവ ഉൾപ്പെടുന്നു. നൽകുന്ന സേവനങ്ങൾ അനുയോജ്യവും, യോഗ്യവും ഗുണനിലവാരമുള്ളതും ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതും സാമൂഹ്യപങ്കാളിത്തവും വിവിധ വകുപ്പുകളുടെ യോജിച്ച പ്രവർത്തനത്തിലൂടെ ആരോഗ്യത്തിന്റെ നിർണ്ണായക സാമൂഹ്യഘടകങ്ങളെ പരിഗണിക്കുന്നതും ആയിരിക്കണം. സേവനങ്ങൾ ലിംഗസമത്വം ഉറപ്പാക്കുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന വിവിധ ജന വിഭാഗങ്ങളെ പരിഗണിക്കുന്നതും ആയിരിക്കണം.

2. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും നൽകുന്ന സേവനങ്ങൾ സാഹചര്യം അനുസരിച്ച് സ്ഥാപനതലത്തിലോ ഫീൽഡിലോ ആയിരിക്കും. ചികിൽസ, കൗൺസലിംഗ്, ആരോഗ്യവിദ്യാഭ്യാസം, പ്രതിരോധ കുത്തിവയ്പ്പുകൾ, മെഡിക്കോ-ലീഗൽ, ഫാർമസി, ലബോറട്ടറി തുടങ്ങിയവ സ്ഥാപനാധിഷ്ഠിത സേവനങ്ങളാണ്. വിവിധ പൊതുജനാരോഗ്യ പരിപാടികൾ, ജെപി.എച്ച്.എൻ/ജെ എച്ച് ഐ, ആശ, അങ്കണവാടി പ്രവർത്തക എന്നിവരുടെ സേവനം തുടങ്ങിയവ ഫീൽഡ്തല

സേവനങ്ങളാണ്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (LSG) കീഴിൽ ആരോഗ്യപരിചരണം നൽകുന്ന സ്ഥാപനങ്ങളാണ് കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ. അടിസ്ഥാന സൗകര്യങ്ങൾ, മനുഷ്യ വിഭവശേഷി, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഇവ ആവശ്യമാകുന്ന സന്ദർഭങ്ങളിൽ നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബ ആരോഗ്യകേന്ദ്രങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കേണ്ടതാണ്. ജീവിത ശൈലീ വ്യതിയാനങ്ങളുടെയും വിവിധ പ്രവർത്തനങ്ങളുടെ സംയോജനവും ആവശ്യമായ സാഹചര്യത്തിൽ ആരോഗ്യസംരക്ഷണത്തിനും ക്ഷേമത്തിനും വിവിധ ആരോഗ്യപരിപാടികളിൽ സമൂഹത്തിന്റെ പങ്കാളിത്തവും സഹകരണവും അത്യന്താപേക്ഷിതമാണ്. പൊതുജന പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം.

### 4. ഏകോപനം (Convergence)

കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ആരോഗ്യസേവനം നൽകുന്ന സ്ഥാപനങ്ങളാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയാറാക്കുന്ന സമഗ്ര പ്രാഥമിക ആരോഗ്യപരിരക്ഷാ പരിപാടി കുടുംബാരോഗ്യകേന്ദ്രങ്ങൾ നടപ്പിലാക്കേണ്ടതാണ്. ഇതിനായി കുടുംബാരോഗ്യകേന്ദ്രങ്ങൾ സാമൂഹ്യനീതി, വിദ്യാഭ്യാസം, കൃഷി, ജലസേചനം, പട്ടികജാതി/വർഗ്ഗ വികസന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. ആരോഗ്യ സംരക്ഷണത്തിനും രോഗപ്രതിരോധത്തിനും അനുകൂലമായ സാഹചര്യം ഒരുക്കേണ്ടത് കുടുംബാരോഗ്യകേന്ദ്രത്തിന്റെ കടമയാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ അനുസരിച്ചുള്ള ആരോഗ്യ നിലവാരം കൈവരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ വകുപ്പുകളെ ഒരുമിച്ച് കൊണ്ടുവരേണ്ടതാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വികസന പ്രവർത്തനങ്ങളുടെയും കേന്ദ്രബിന്ദു ആരോഗ്യമായിരിക്കണം.

5. ആരോഗ്യത്തെ സ്വാധീനിക്കുന്ന സാമൂഹിക ഘടകങ്ങളെ പരിഗണിക്കുവാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിലുള്ള സാമൂഹ്യ സംവിധാനങ്ങളായ അയൽസഭ, വാർഡ്സഭ, ഗ്രാമസഭ, കുടുംബശ്രീ എന്നിവയെ ഉപയോഗപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പ്രാദേശിക സന്നദ്ധ സംഘടനകളെയും മറ്റ് സാമൂഹ്യ സംഘടനകളെയും കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്. ഇപ്പോൾ നടന്നുവരുന്ന പരിപാടികളായ ഹരിത കേരളം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ ഏകോപിപ്പിക്കേണ്ടതാണ്.

### 6. സ്ഥാപനങ്ങളിലെ സേവന സമയക്രമം

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഔട്ട് പേഷ്യന്റ് സംവിധാനം ആഴ്ചയിലെ എല്ലാ ദിവസവും ലഭ്യമാകുന്നതാണ്.

തിങ്കൾ മുതൽ ശനി വരെ - രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ
ഉച്ചയ്ക്ക് 1.30 മുതൽ വൈകിട്ട് 6 വരെ

ഞായർ - രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ

## 7. ചികിൽസാ സേവനങ്ങൾ

സമഗ്ര പ്രാഥമിക ആരോഗ്യപരിരക്ഷ (CPHC) ചികിൽസാ മാർഗ്ഗരേഖ പ്രകാരം ഔട്ട് പേഷ്യന്റ് വിഭാഗത്തിലെത്തുന്ന എല്ലാ രോഗികൾക്കും ചികിൽസ കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും നൽകേണ്ടതാണ്. റെഡ്ഫ്ളാഗ് അടയാളങ്ങളുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ ചികിൽസ ആവശ്യമുള്ളവരെ, ചികിൽസാമാനദണ്ഡ പ്രകാരം അനുയോജ്യമായ റഫറൽ തലത്തിലേക്ക് റഫർ ചെയ്യേണ്ടതാണ്. ഇപ്രകാരം റഫർ ചെയ്യപ്പെടുന്ന കേസുകളുടെ തുടർചികിൽസ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ചെയ്യേണ്ടതാണ്.

## 8. സാധാരണ രോഗ ലക്ഷണങ്ങളുടെ ചികിൽസ

### i) പനി

- പനിയുടെ സാധാരണ കാരണങ്ങൾ കണ്ടെത്തലും സമഗ്ര പ്രാഥമിക ആരോഗ്യപരിരക്ഷാ ചികിൽസ മാർഗ്ഗ രേഖകളും ദേശീയ മാർഗ്ഗ രേഖകളനുസരിച്ച് ചികിൽസ നൽകലും
- റെഡ് ഫ്ളാഗ് അടയാളങ്ങൾ കണ്ടെത്തി മുൻകൂട്ടി രോഗിയെ റഫർ ചെയ്യുക
- ഉയർന്ന ചികിൽസാ കേന്ദ്രങ്ങളിൽ നിന്നും തിരിച്ച് റഫർ ചെയ്യപ്പെടുന്ന രോഗികൾക്ക് തുടർ ചികിൽസ നൽകുക.

### ii) ചുമ

- ചുമയുടെ സാധാരണ കാരണങ്ങൾ കണ്ടെത്തുകയും ചികിൽസ നൽകുകയും ചെയ്യുക
- നീണ്ടു നിൽക്കുന്ന ചുമയ്ക്ക് ചികിൽസ നൽകുക.
- ചുമയുള്ള രോഗികളിൽ ടി.ബി.പരിശോധന
- റെഡ് ഫ്ളാഗ് അടയാളങ്ങൾ കണ്ടെത്തി മുൻകൂട്ടി രോഗിയെ റഫർ ചെയ്യുക
- ഉയർന്ന ചികിൽസാകേന്ദ്രങ്ങളിൽ നിന്ന് തിരിച്ച് റഫർ ചെയ്യുന്ന രോഗികൾക്ക് തുടർ ചികിൽസ നൽകുക

### iii) സന്ധിവേദന

- സന്ധിവേദനയുടെ സാധാരണ കാരണങ്ങൾ കണ്ടെത്തുകയും ചികിൽസിക്കുകയും ചെയ്യുക
- വേദന സംഹാരികൾ ഉപയോഗിച്ച് വേദനയിൽ നിന്നും ആശ്വാസം നൽകുക
- വേദനയിൽ നിന്നും ആശ്വാസം നൽകുവാൻ വ്യായാമമുറകൾ, ഫിസിയോ തെറാപ്പി എന്നിവ നിർദ്ദേശിക്കുക
- വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കേണ്ട അവസ്ഥകളും റെഡ്ഫ്ളാഗ് അടയാളങ്ങളും കണ്ടെത്തുക
- വിദഗ്ദ്ധ ചികിൽസ ആവശ്യമുള്ളവരെ മുൻകൂട്ടി റഫർ ചെയ്യുക
- ഉയർന്ന ചികിൽസാ കേന്ദ്രങ്ങളിൽ നിന്നും തിരിച്ച് റഫർ ചെയ്യുന്നവർക്ക് തുടർ ചികിൽസ നൽകുക

### iv) ഉദരവേദന

- ഉദര വേദനയ്ക്ക് കാരണമാകുന്ന അവസ്ഥകൾ നിർണ്ണയിക്കുകയും ചികിൽസ നൽകുകയും ചെയ്യുക
- റെഡ്ഫ്ളാഗ് അടയാളങ്ങൾ കണ്ടെത്തി രോഗികളെ മുൻകൂട്ടി റഫർ ചെയ്യുക
- ഉയർന്ന ചികിൽസാകേന്ദ്രങ്ങളിൽ നിന്നും തിരിച്ച് റഫർ ചെയ്യുന്നവർക്ക് തുടർ ചികിൽസ

**v)തലവേദന**

- പ്രാഥമികവും ദ്വിതീയവുമായ തലവേദനയെ തിരിച്ചറിയുക (Primary and Secondary head ache)
- തലവേദനയുള്ളവരിൽ കാഴ്ചവൈകല്യം കണ്ടുപിടിക്കുവാനായി സ്ക്രീനിംഗ് നടത്തുക
- തലവേദനയുടെ സാധാരണ കാരണങ്ങളുടെ നിർണയവും ചികിൽസയും നടത്തുക
- മൈഗ്രേയ്ൻ പോലെയുള്ള അവസ്ഥകൾക്ക് മുൻകരുതലായി മരുന്ന് (prophylaxis) നൽകുക
- റെഡ്ഫ്ളാഗ് അടയാളങ്ങൾ കണ്ടെത്തി മുൻകൂട്ടി റഫർ ചെയ്യുക
- ഉയർന്ന ചികിൽസാ കേന്ദ്രങ്ങളിൽ നിന്ന് തിരിച്ച് റഫർ ചെയ്യുന്നവർക്ക് തുടർചികിൽസ നൽകുക

**vi) വിളർച്ച**

- രോഗികളിൽ വിളർച്ച കണ്ടുപിടിക്കുവാനായി സ്ക്രീനിംഗ് നടത്തുക
- അയൺ ഡെഫിഷൻസി മൂലമുള്ള വിളർച്ചയുടെ കണ്ടുപിടിക്കലും ചികിൽസയും
- വിളർച്ചയുണ്ടാകുവാൻ സാധ്യത കൂടുതലുള്ളവർക്ക് അയൺ ആന്റ് ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ
- കൃത്യമായ ഇടവേളകളിൽ വിര മരുന്ന് നൽകുക
- റെഡ്ഫ്ളാഗ് അടയാളങ്ങൾ കണ്ടെത്തി മുൻകൂട്ടി റഫർ ചെയ്യുക
- ഉയർന്ന ചികിൽസാകേന്ദ്രങ്ങളിൽ നിന്നും തിരിച്ച് റഫർ ചെയ്യുന്നവർക്ക് തുടർ ചികിൽസ

**vii) മഞ്ഞപ്പിത്തം**

- മഞ്ഞപ്പിത്തത്തിന്റെ കാരണം കണ്ടെത്തൽ
- മഞ്ഞപ്പിത്തത്തിന്റെ കാഠിന്യം കണ്ടെത്തുവാനായി എല്ലാ മഞ്ഞപ്പിത്ത രോഗികളുടെയും സ്ക്രീനിംഗ്
- തീവ്രമായതും ദീർഘകാലമായിട്ടും ഉള്ള കരൾ രോഗങ്ങളെ വേർതിരിക്കുക
- കടുത്ത കരൾ രോഗങ്ങളുടെ സൂചനകൾ കണ്ടെത്തുക
- റെഡ്ഫ്ളാഗ് അടയാളങ്ങൾ ഉള്ളവരെ മൻകൂട്ടി റഫർ ചെയ്യുക
- ഉയർന്ന ചികിൽസാ കേന്ദ്രങ്ങളിൽ നിന്ന് തിരിച്ച് റഫർ ചെയ്യുന്നവരുടെ തുടർ ചികിൽസ

**9. പകർച്ച വ്യാധികൾ**

**i) ഡെങ്കിപ്പനി**

- ഡെങ്കിപ്പനി സാധ്യതയുള്ള രോഗികളെ കണ്ടെത്തൽ
- ക്ലിനിക്കൽ രോഗലക്ഷണങ്ങളുടെയും ലബോറട്ടറി പരിശോധനകളുടെയും അടിസ്ഥാനത്തിൽ രോഗതീവ്രത നിർണ്ണയിക്കുക
- തീവ്രമല്ലാത്ത ഡെങ്കിപ്പനിക്ക് ചികിൽസാ മാർഗ്ഗരേഖ പ്രകാരം വീട്ടിൽ വച്ചോ, ആരോഗ്യ സ്ഥാപനത്തിൽ വച്ചോ ചികിൽസ നൽകുക
- അപായസൂചനകളും (warning signs), റെഡ്ഫ്ളാഗ് അടയാളങ്ങളും (red flag signs) തിരിച്ചറിയുക
- സങ്കീർണ്ണതകളുള്ള ഡെങ്കിപ്പനി കേസുകളെ മുൻകൂട്ടി റഫർ ചെയ്യുക
- ഉയർന്ന ചികിൽസാ കേന്ദ്രങ്ങളിൽ നിന്നും തിരിച്ച് റഫർ ചെയ്യുന്നവർക്ക് തുടർ ചികിൽസ
- കൊതുകിന്റെ ഉറവിട നശീകരണം, കൊതുക് നശീകരണം ഇവയെക്കുറിച്ച് വിവരങ്ങൾ നൽകുക

**ii) എലിപ്പനി**

- എലിപ്പനിയാകാൻ സാധ്യതയുള്ള കേസുകൾ കണ്ടെത്തുക
- റെഡ്ഫ്ളാഗ് അടയാളങ്ങൾ കണ്ടെത്തി മുൻകൂട്ടി റഫർ ചെയ്യുക
- ചികിൽസാ മാർഗ്ഗരേഖ അനുസരിച്ച് സങ്കീർണ്ണതകളില്ലാത്ത എലിപ്പനി കേസുകൾക്ക് ചികിൽസ നൽകുക
- രോഗസാധ്യത കൂടുതലുള്ളവർക്ക് മുൻകരുതലായി (prophylaxis) ഡോക്സിസൈക്ലിൻ (doxycycline) നൽകുക
- പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് ഉപദേശം നൽകുക

**iii) എച്ച് 1 .എൻ 1**

- പകർച്ചപ്പനി പോലെയുള്ള അസുഖങ്ങൾ/തീവ്രമായ ശ്വാസകോശ സംബന്ധമായ അണുബാധ തിരിച്ചറിയുക
- രോഗം കണ്ടെത്തി തരംതിരിച്ച് എച്ച്1 എൻ1 നുള്ള എ.ബി.സി മാർഗ്ഗരേഖ പ്രകാരം ചികിൽസ നൽകുക
- രോഗസാധ്യത കൂടിയ ഗർഭിണികൾ, പ്രായാധിക്യം ചെന്നവർ, പ്രമേഹ രോഗികൾ തുടങ്ങിയവരെ സ്ക്രീൻ ചെയ്യുകയും നേരത്തെ തന്നെ അവർക്ക് ഒസൾട്ടാമിവിർ നൽകി ചികിൽസിക്കുകയും ചെയ്യുക
- റെഡ്ഫ്ളാഗ് അടയാളങ്ങൾ തിരിച്ചറിഞ്ഞ് മുൻകൂട്ടി റഫർ ചെയ്യുക
- ഉയർന്ന ചികിൽസാ കേന്ദ്രങ്ങളിൽ നിന്ന് തിരിച്ച് റഫർ ചെയ്യുന്ന രോഗികൾക്ക് തുടർ ചികിൽസ

**iv) മലമ്പനി**

- മൈക്രോസ്കോപ്പി/ബൈവാലന്റ് ആന്റിജൻ ബേസ്ഡ്, ആർ.ഡി.റ്റി എന്നിവ ഉപയോഗിച്ച് മലേറിയൽ പാരസൈറ്റിനെ തിരിച്ചറിഞ്ഞ് മലമ്പനി രോഗം നിർണ്ണയിക്കുക
- ദേശീയ ചികിൽസാ മാർഗ്ഗ രേഖ പ്രകാരം മലമ്പനിക്ക് ചികിൽസ നൽകുക

- റെഡ്ഫ്ളാഗ് അടയാളങ്ങൾ തിരിച്ചറിഞ്ഞ് മുൻകൂട്ടി റഫർ ചെയ്യുക
- മാർഗ്ഗരേഖ പ്രകാരം ചികിൽസയിലുള്ള കേസുകളുടെ തുടർ ചികിൽസ
- പ്രതിരോധ മാർഗ്ഗങ്ങളായ കൊതുക് നിയന്ത്രണം, കൊതുകിന്റെ ഉറവിട നശീകരണം ഇവയെക്കുറിച്ച് ഉപദേശങ്ങൾ നൽകുക

**v) ചെള്ള്പനി (Scrub Typhus)**

- ചെള്ളുപനിയാകാൻ സാധ്യതയുള്ള കേസുകളെ തിരിച്ചറിയുക
- ചികിൽസാ മാർഗ്ഗരേഖ പ്രകാരം സങ്കീർണ്ണതകളില്ലാത്ത കേസുകൾക്ക് ചികിൽസ നൽകുക
- റെഡ്ഫ്ളാഗ് അടയാളങ്ങൾ കണ്ടെത്തി മുൻകൂട്ടി റഫർ ചെയ്യുക
- ഉയർന്ന ചികിൽസാ കേന്ദ്രങ്ങളിൽ നിന്നും തിരിച്ച് റഫർ ചെയ്തവരുടെ തുടർ ചികിൽസ
- പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് ഉപദേശം നൽകുക

**vi) ക്ഷയരോഗം**

- ക്ഷയരോഗ സാധ്യതയുള്ള കേസുകളെ തിരിച്ചറിയുക
- ക്ഷയം (ശ്വാസകോശ സംബന്ധമായ) സംശയിക്കുന്ന രോഗികളെ നിശ്ചയിക്കപ്പെട്ടിട്ടുള്ള മൈക്രോസ്കോപിക് സെന്ററുകളിലേക്ക് (DMC) റഫർ ചെയ്ത് രോഗം സ്ഥിരീകരിക്കുക
- മരുന്നിനെ പ്രതിരോധിക്കുവാൻ സാധ്യതയുള്ള ടി.ബി രോഗികളെ തിരിച്ചറിയുകയും കഫം പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്യുക
- ശ്വാസകോശേതര ക്ഷയരോഗ സാധ്യതയുള്ളവരെ തിരിച്ചറിഞ്ഞ് റഫർ ചെയ്യുക
- പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടിയുടെ (ആർ.എൻ.റ്റി.സി.പി.) മാർഗ്ഗരേഖ അനുസരിച്ച് DOTS ആയി ചികിൽസ നൽകുക
- മാർഗ്ഗ രേഖപ്രകാരം ചികിൽസയിലിരിക്കുന്ന എല്ലാ രോഗികളുടെയും തുടർ ചികിൽസ നൽകുക
- ക്ഷയരോഗികളുമായി സമ്പർക്കമുള്ളവരടക്കം രോഗസാധ്യത കൂടുതലുള്ളവരിൽ രോഗത്തിന്റെ അടയാളങ്ങളോ, ലക്ഷണങ്ങളോ കണ്ടെത്തുവാനായി സ്ക്രീനിംഗ് നടത്തുക

**vii) ന്യുമോണിയ**

- ക്ലിനിക്കൽ ലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ന്യുമോണിയ കേസ് തിരിച്ചറിയുക
- CRB 65 സ്കോർ പ്രകാരം രോഗത്തിന്റെ തീവ്രത കണക്കാക്കുക
- ചികിൽസാ മാർഗ്ഗരേഖ പ്രകാരം അനുയോജ്യമായ ചികിൽസ നൽകുക
- റെഡ്ഫ്ളാഗ് അടയാളങ്ങൾ തിരിച്ചറിഞ്ഞ് മുൻകൂട്ടി റഫർ ചെയ്യുക
- ഉയർന്ന ചികിൽസാ കേന്ദ്രങ്ങളിൽ നിന്ന് തിരിച്ച് റഫർ ചെയ്യുന്ന രോഗികൾക്ക് തുടർ ചികിൽസ
- പ്രതിരോധ കുത്തിവയ്പ്പിനെക്കുറിച്ചുള്ള ഉപദേശം നൽകുക

**viii) Reproductive Tract Infections / Sexually transmitted Infections (RTI/STI)**

- രോഗലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ RTI/STI രോഗികളെ തിരിച്ചറിയുക, ചികിൽസ നൽകുക
- RTI/STI രോഗബാധിതരുടെ പങ്കാളികളെ സ്ക്രീൻ ചെയ്യുക
- രോഗിക്കും പങ്കാളിക്കും എച്ച് ഐ വി പരിശോധനയെക്കുറിച്ച് ഉപദേശം നൽകുക
- മാർഗ്ഗരേഖ പ്രകാരം എല്ലാ രോഗികളുടെയും തുടർ ചികിൽസ നടത്തുക
- RTI/STI, എച്ച്.ഐ.വി, സുരക്ഷിത ലൈംഗിക മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ആരോഗ്യ വിദ്യാഭ്യാസം നൽകുക

**ix) ഹാൻസൻസ് രോഗം**

- കുഷ്ഠരോഗത്തിലേക്ക് വിരൽചൂണ്ടുന്ന അടയാളങ്ങളോ ലക്ഷണങ്ങളോ ഉള്ള രോഗികളെ സ്ക്രീൻ ചെയ്ത് റഫർ ചെയ്യുക
- Neuritic type ഉൾപ്പെടെയുള്ള കുഷ്ഠരോഗ സാധ്യതകൾ തിരിച്ചറിയുക
- മാനദണ്ഡപ്രകാരം വിവിധൗഷധ ചികിൽസ (Multi Drug Therapy) നൽകുക
- ചികിൽസാ കാലയളവിൽ പൂർണ്ണമായും, രോഗികളെയും തുടർ നിരീക്ഷണം നടത്തുക-പി.ബി. കേസുകൾക്ക് 2 വർഷവും എം.ബി.കേസുകൾക്ക് 5 വർഷവും തുടർ ചികിൽസ നടത്തുക
- സമ്പർക്ക സാധ്യതയുള്ളവരുടെ സർവ്വേ നടത്തുക
- രോഗസങ്കീർണ്ണതകൾ തിരിച്ചറിയുക, അനുയോജ്യമായ ചികിൽസ നൽകുക/ആവശ്യമെങ്കിൽ റഫർ ചെയ്യുക
- വൈകല്യം സംഭവിച്ചിട്ടുണ്ടെങ്കിൽ തിരിച്ചറിയുകയും വൈകല്യത്തിന്റെ തോത് തരംതിരിക്കുകയും ചെയ്യുക
- വൈകല്യം പരിഹരിക്കുവാനുള്ള നടപടികളെയും പുനരധിവാസ മാർഗ്ഗങ്ങളെയും കുറിച്ച് ഉപദേശം നൽകുക

**x) ലിംഫാറ്റിക് ഫൈലേറിയാസിസ്**

- മൈക്രോഫൈലേറിയ ഉള്ള കേസുകൾ ആരംഭത്തിൽ തന്നെ കണ്ടെത്തുക
- Acute Lymphangitis തുടർ ചികിൽസ നൽകുക
- ഹൈഡ്രോസീൽ പോലുള്ള അവസ്ഥകളിൽ സ്ക്രീനിംഗിനായി റഫർ ചെയ്യുക
- ലിംഫഡിമ രോഗികളിൽ രോഗാതുരത കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക

## 10. പകർച്ചേതര വ്യാധികൾ

**i) പ്രമേഹം**

- 30 വയസ്സിനുമുകളിലുള്ള എല്ലാവരെയും പ്രമേഹരോഗ നിർണ്ണയത്തിനായി സ്ക്രീൻ ചെയ്യുക
- ലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പ്രമേഹരോഗ സാധ്യതയുള്ള കേസുകൾ തിരിച്ചറിയുക
- രക്തത്തിലെ പഞ്ചസാരയുടെ അളവിന്റെ അടിസ്ഥാനത്തിൽ രോഗനിർണ്ണയം സ്ഥിരീകരിക്കുക
- ജീവിതശൈലിയിൽ വരുത്തേണ്ട വ്യതിയാനങ്ങൾ, ആഹാരക്രമം, വ്യായാമം,

പാദസംരക്ഷണം ഇവയെക്കുറിച്ച് ഉപദേശങ്ങൾ നൽകുക

- മാനദണ്ഡപ്രകാരം ചികിൽസ നൽകുക
- ഗർഭാവസ്ഥയിൽ പ്രമേഹം ഉണ്ടായിരുന്ന സ്ത്രീകൾ ഉൾപ്പെടെ എല്ലാ പ്രമേഹ രോഗികളിലും തുടർച്ചയായി രക്തത്തിലെ പഞ്ചസാരയുടെ അളവ് വിലയിരുത്തുക, കൃത്യമായി തുടരന്വേഷണവും നടത്തുക
- മാനദണ്ഡപ്രകാരം, എല്ലാ രോഗികളിലും പ്രമേഹത്തിന്റെ സങ്കീർണ്ണതകളായ ന്യൂറോപ്പതി, റെറ്റിനോപ്പതി, നെഫ്രോപ്പതി എന്നിവ കണ്ടുപിടിക്കുന്നതിനായി സ്ക്രീനിംഗ് നടത്തുക
- സങ്കീർണ്ണതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് ചികിൽസിക്കുക ആവശ്യമെങ്കിൽ റഫർ ചെയ്യുക

**ii) രക്താതിസമ്മർദ്ദം**

- 18 വയസ്സിനു മുകളിലുള്ള എല്ലാവരെയും രക്താതിസമ്മർദ്ദ നിർണ്ണയത്തിനായി സ്ക്രീൻ ചെയ്യുക
- ലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ രക്താതിസമ്മർദ്ദ സാധ്യതയുള്ളവരെ തിരിച്ചറിയുക
- രക്തസമ്മർദ്ദം അളക്കുന്നതിലൂടെ രോഗനിർണ്ണയം സ്ഥിരീകരിക്കുക
- ആഹാരക്രമം, വ്യായാമം, മറ്റ് ജീവിതചര്യകളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്നിവയെക്കുറിച്ച് ഉപദേശം നൽകുക
- മാർഗ്ഗരേഖ പ്രകാരം ചികിൽസ നൽകുക
- ഗർഭാവസ്ഥയിൽ രക്താതിസമ്മർദ്ദം ഉണ്ടായിരുന്ന സ്ത്രീകളിൽ ഉൾപ്പെടെ രക്തസമ്മർദ്ദം അളക്കുകയും തുടർ അന്വേഷണം നടത്തുകയും ചെയ്യുക
- രക്താതിസമ്മർദ്ദ സങ്കീർണ്ണതകൾ കണ്ടുപിടിക്കുവാനായി രോഗികളെ സ്ക്രീൻ ചെയ്യുക
- സങ്കീർണ്ണതകൾ തിരിച്ചറിയുക, ചികിൽസിക്കുക ആവശ്യമെങ്കിൽ റഫർ ചെയ്യുക

**iii) കൊറോണറി ആർട്ടറി ഡിസീസ്(CAD)**

- രോഗലക്ഷണങ്ങളുടെയും, ഇ.സി.ജി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നെഞ്ചുവേദന (Angina), ഹൃദയാഘാതം (Miocardial infarction) ഇവയുള്ള കേസുകൾ തിരിച്ചറിയുക
- അടിയന്തര ചികിൽസ നൽകിയതിനുശേഷം അനുയോജ്യമായ ഉയർന്ന ചികിൽസാ കേന്ദ്രത്തിലേക്ക് റഫർ ചെയ്യുക
- ആന്റി പ്ലേറ്റ്ലറ്റ് മരുന്നുകളും സ്റ്റാറ്റിനും നൽകുക, രോഗിയെ സ്റ്റെബിലൈസ് ചെയ്യുക, ഉയർന്ന ചികിൽസാ കേന്ദ്രത്തിലേക്ക് റഫർ ചെയ്യുക
- കൊറോണറി ആർട്ട് ഡിസീസ് (CAD)/ആൻജൈന രോഗികൾക്ക് കൃത്യമായ ഇടവേളകളിൽ തുടർ ചികിൽസ നൽകുക
- രക്താതിസമ്മർദ്ദം, പ്രമേഹം, ഡിസ്ലിമെഡീമിയ തുടങ്ങിയ മറ്റ് അസുഖ നിർണ്ണയത്തിനായി CAD രോഗികളെ സ്ക്രീൻ ചെയ്യുക
- പുകയില ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ, ആഹാരക്രമം, വ്യായാമം,

ജീവിതശൈലീ മാറ്റങ്ങൾ എന്നിവയെക്കുറിച്ച് ഉപദേശം നൽകുക

**iv) പക്ഷാഘാതം (Stroke)**

- പക്ഷാഘാത സാധ്യത കൂട്ടുന്ന രക്താതിസമ്മർദ്ദം, പ്രമേഹം, ഡിസ്‌ലിപെഡിമിയ തുടങ്ങിയ ഘടകങ്ങൾ തിരിച്ചറിയുക
- അടയാളങ്ങളുടെയും ലക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ പക്ഷാഘാത കേസുകളെ തിരിച്ചറിയുക
- പക്ഷാഘാത ചികിൽസാകേന്ദ്രമായി നിർണ്ണയിച്ചിട്ടുള്ള തൃതീയ (tertiary) തലത്തിലുള്ള കേന്ദ്രത്തിലേക്ക് എല്ലാ പക്ഷാഘാത രോഗികളെയും മുൻകൂട്ടി റഫർ ചെയ്യുക
- കൃത്യമായ ഇടവേളകളിൽ എല്ലാ രോഗികളുടെയും തുടർ അന്വേഷണം നടത്തുക
- പുകയിലയുടെ ഉപയോഗം, ആഹാരക്രമം, വ്യായാമം മറ്റ് ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങൾ എന്നിവയെക്കുറിച്ച് ഉപദേശം നൽകുക
- ഫിസിയോതെറാപ്പി, ചലന സഹായികൾ തുടങ്ങിയ പുനരധിവാസ സഹായങ്ങൾ നൽകുക
- കിടപ്പ് രോഗികൾക്ക് സാന്ത്വന പരിചരണം നൽകുക

**v) ക്യാൻസർ**

- വായ്, സ്തനം, ഗർഭാശയഗളം എന്നിവിടങ്ങളിലെ ക്യാൻസർ നിർണ്ണയത്തിനായി സ്ക്രീനിംഗ് നടത്തുക
- രോഗികൾക്ക് ക്യാൻസറിന്റെ അടയാളങ്ങളെക്കുറിച്ചും ലക്ഷണങ്ങളെക്കുറിച്ചും ഉപദേശം നൽകുക
- സ്വയം വായിലെ പരിശോധന നടത്തുവാനും സ്ത്രീകൾക്ക് സ്തനപരിശോധന സ്വയം നടത്തുവാനും ഉള്ള ഉപദേശം നൽകുക
- സ്ക്രീനിംഗിൽ ക്യാൻസർ സാധ്യത കണ്ടെത്തിയ എല്ലാവരെയും വിദഗ്ദ്ധ ചികിൽസയ്ക്കായി റഫർ ചെയ്യുക
- ഉയർന്ന കേന്ദ്രങ്ങളിൽ നിന്നും തിരിച്ച് റഫർ ചെയ്യുന്ന രോഗികളുടെ തുടരന്വേഷണം നടത്തുക
- ആവശ്യമുള്ള ഇടങ്ങളിൽ സാന്ത്വന പരിരക്ഷ നൽകുക

**vi) ക്രോണിക്ക് ഒബ്സ്ട്രക്ടിവ് പൾമണറി ഡിസീസ് (COPD) & ബ്രോങ്കൈൽ ആസ്ത്മ**

- ദീർഘകാല ശ്വാസകോശരോഗമുള്ളവരെ തിരിച്ചറിയുക
- ശ്വാസ് (SWAAS) മാർഗ്ഗനിർദ്ദേശ പ്രകാരം സ്പൈറോമെട്രിയിലൂടെ രോഗത്തിന്റെ തീവ്രത കണ്ടെത്തുക
- ആർ.എൻ.റ്റി.സി.പി. മാർഗ്ഗ നിർദ്ദേശപ്രകാരം എല്ലാ സി.ഒ.പി.ഡി രോഗികളെയും ക്ഷയരോഗ നിർണ്ണയത്തിനായി സ്ക്രീൻ ചെയ്യുക
- ശ്വാസംമുട്ടലിന് അടിയന്തര ചികിൽസ നൽകുക
- റെഡ്ഫ്ളാഗ് അടയാളങ്ങൾ തിരിച്ചറിഞ്ഞ് നേരത്തെ റഫർ ചെയ്യുകയും ചെയ്യുക
- കൃത്യമായ ഇടവേളകളിൽ എല്ലാ സി.ഒ.പി.ഡി/ആസ്ത്മ രോഗികൾക്കും തുടർചികിൽസ നൽകുക
- ശരിയായ വിധത്തിൽ ഇൻഹേലറുകൾ ഉപയോഗിക്കുവാൻ നിർദ്ദേശങ്ങൾ നൽകുക

- ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങൾ, പുകവലി നിർത്തൽ, പ്രതിരോധ കുത്തിവയ്പ് എന്നിവയെക്കുറിച്ച് ഉപദേശങ്ങൾ നൽകുക

**vii) മാനസിക അസ്വാസ്ഥ്യങ്ങൾ**

- ക്ലിനിക്കൽ രോഗലക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വിഷാദരോഗം, മറ്റ് മാനസിക പ്രശ്നങ്ങൾ എന്നിവ കണ്ടെത്തുവാനായി രോഗികളെ സ്ക്രീൻ ചെയ്യുക
- ചെറിയ മാനസിക അസ്വാസ്ഥ്യങ്ങൾ കണ്ടെത്തുകയും കൗൺസലിംഗ്, ചികിൽസ ഇവ നൽകുകയും ചെയ്യുക
- മറ്റു രോഗികളെ വിദഗ്ദ്ധ ചികിൽസയ്ക്കായി സൈക്യാട്രിസ്റ്റിന് റഫർ ചെയ്യുക
- ജില്ലാ മാനസികാരോഗ്യകേന്ദ്രങ്ങൾ, മാനസികാരോഗ്യ ആശുപത്രികൾ, സൈക്യാട്രിസ്റ്റുകൾ എന്നിവർ തിരിച്ച് റഫർ ചെയ്യുന്ന എല്ലാ രോഗികളുടെയും തുടർചികിൽസ
- സമ്മർദ്ദങ്ങൾ കുറയ്ക്കുക, മദ്യം, മയക്കുമരുന്ന് തുടങ്ങിയവ ഒഴിവാക്കൽ, മാനസികാരോഗ്യം എന്നിവയെക്കുറിച്ച് ഉപദേശം നൽകുക
- ആവശ്യമുള്ളവരെ ലഹരിമോചന കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുക

## 11. Surgical Conditions

**i) അപകടങ്ങളും മുറിവുകളും**

- ചെറിയമുറിവുകൾക്ക് ചികിൽസ നൽകുക
- മുറിവേറ്റവർക്ക് മുൻകരുതലായി ടെറ്റനസ് പ്രതിരോധ കുത്തിവയ്പ്പ് നൽകുക
- ഗുരുതരമായി പരിക്കേറ്റ രോഗികളുടെ പ്രാഥമിക സ്ഥിതി അവലോകനം നടത്തി റിസസിറ്റേറ്റ് ചെയ്യുക
- പ്രാഥമിക ചികിൽസകൾ നൽകി രോഗിയുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുക, മുറിവുകൾ ചികിൽസിക്കുക
- റെഡ്ഫ്ളാഗ് അടയാളങ്ങൾ തിരിച്ചറിഞ്ഞ് മുൻകൂട്ടി റഫർ ചെയ്യുക
- ഉയർന്ന കേന്ദ്രങ്ങളിൽ നിന്നും തിരിച്ച് റഫർ ചെയ്യുന്ന രോഗികളുടെ തുടർചികിൽസ നടത്തുക

**ii) പൊള്ളലുകൾ**

- പൊള്ളലിന്റെ പ്രാഥമിക വിലയിരുത്തലും വേർതിരിക്കലും
- പൊള്ളൽ എത്ര ശതമാനമെന്ന് കണക്കാക്കൽ
- ശരീരത്തിന്റെ 10 % ൽ താഴെമാത്രം ഉള്ള ചെറിയപൊള്ളലുകൾക്ക് ചികിൽസ നൽകുക
- ആഴത്തിലുള്ള പൊള്ളലുകൾ, ശരീരത്തിന്റെ 10 % ൽ അധികം ഉള്ള പൊള്ളലുകൾ, കുട്ടികളിലോ, പ്രായം ചെന്നവരിലോ ഉള്ള പൊള്ളലുകൾ ഉള്ളവരെ സ്റ്റെബിലൈസ് ചെയ്തശേഷം വിദഗ്ദ്ധ ചികിൽസയ്ക്കായി റഫർ ചെയ്യുക

**iii) Minor Surgical Procedures (ചെറിയ ശസ്ത്രക്രിയകൾ)**

- കെട്ടികിടക്കുന്ന പഴുപ്പ് കീറിക്കളയുക
- ചെറിയ മുറിവുകൾ ചികിൽസിക്കുക, തുന്നലിടുക
- പ്രമേഹരോഗികളിലെ കാലിലെ വ്രണങ്ങൾ, കിടപ്പുരോഗികളിലെ കിടക്കപ്പുണ്ണ്,

ഉൾപ്പെടെയുള്ള വ്രണങ്ങൾ ചികിൽസിക്കുക

- ആഴത്തിലല്ലാത്ത അന്യവസ്തുക്കൾ നീക്കം ചെയ്യുക
- സെല്ലുലൈറ്റിസ് തിരിച്ചറിഞ്ഞ് ചികിൽസിക്കുക
- ആവശ്യമെങ്കിൽ രോഗം ബാധിച്ച കൈ, കാൽ വിരലുകളിലെ നഖം എടുത്തു മാറ്റുക

**iv) തൈറോയ്ഡ് രോഗങ്ങൾ**

- രോഗലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഹൈപ്പർ തൈറോയ്ഡിസം, ഹൈപ്പോ തൈറോയ്ഡിസം എന്നിവയുള്ള കേസുകൾ തിരിച്ചറിയുക
- തൈറോയ്ഡ് ഫങ്ഷൻടെസ്റ്റ് വഴി ഹൈപ്പർ/ഹൈപ്പോ തൈറോയ്ഡിസം നിർണ്ണയിക്കുക
- സങ്കീർണ്ണതകളില്ലാത്ത ഹൈപ്പോതൈറോയ്ഡിസം കേസുകൾക്ക് ചികിൽസ നൽകുക
- ഹൈപ്പർതൈറോയ്ഡിസം ഉള്ള എല്ലാ രോഗികളെയും ഹൈപ്പോതൈറോയ്ഡിസം ഉള്ള കുട്ടികൾ, പ്രായമായവർ, ഗർഭിണികൾ എന്നിവരെയും വിദഗ്ദ്ധ ചികിൽസയ്ക്കായി റഫർ ചെയ്യുക
- ഹൈപ്പോ/ഹൈപ്പർ തൈറോയ്ഡിസം ഉള്ളവർക്ക് തുടർ ചികിൽസ നൽകുക

**12. ശിശുരോഗങ്ങൾ**

**i) തീവ്രമായ ശ്വാസകോശരോഗങ്ങൾ**

- തീവ്രമായ ശ്വാസകോശരോഗ അണുബാധയുള്ള കുട്ടികളെ തിരിച്ചറിയുക
- അടയാളങ്ങളുടെയും ലക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ശ്വാസകോശ അണുബാധകളെ വേർതിരിക്കുക
- സംസ്ഥാന/ദേശീയ ചികിൽസാ മാർഗ്ഗരേഖ പ്രകാരം ചികിൽസിക്കുക
- അപകടസൂചനകൾ നേരത്തെ കണ്ടെത്തി റഫർ ചെയ്യുക
- ഉയർന്ന കേന്ദ്രങ്ങളിൽ നിന്നും തിരിച്ച് റഫർ ചെയ്യുന്ന രോഗികളുടെ തുടർചികിൽസ നടത്തുക

**ii) വയറിളക്ക രോഗങ്ങൾ**

- വയറിളക്ക രോഗമുള്ള കുട്ടിയിൽ നിർജ്ജലീകരണത്തിന്റെ തോത് നിർണ്ണയിക്കുക
- ദേശീയമാർഗ്ഗരേഖ പ്രകാരം വയറിളക്കം/നിർജ്ജലീകരണം എന്നിവയുടെ തീവ്രതയ്ക്കനുസരിച്ച് അനുയോജ്യമായ ചികിൽസ നൽകുക
- അപകടസൂചനകൾ തിരിച്ചറിഞ്ഞ് മുൻകൂട്ടി റഫർ ചെയ്യുക
- ഉയർന്ന കേന്ദ്രങ്ങളിൽ നിന്നും തിരിച്ച് റഫർ ചെയ്യുന്ന രോഗികളുടെ തുടർചികിൽസ നടത്തുക
- വയറിളക്ക രോഗങ്ങൾ പ്രതിരോധിക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഉപദേശം നൽകുക

**iii) ജനിതകവൈകല്യങ്ങളും വളർച്ചാഘട്ടത്തിലെ കാലതാമസവും**

- നവജാതശിശുക്കളെയും കുട്ടികളെയും വളർച്ചാഘട്ടത്തിലെ കാലതാമസം

കണ്ടുപിടിക്കുന്നതിനായി സ്ക്രീൻ ചെയ്യുക

- ജന്മനാ വൈകല്യങ്ങൾ, വളർച്ചാഘട്ടത്തിലെ കാലതാമസം ഇവ നേരത്തെ തിരിച്ചറിഞ്ഞ് DEIC കളിലേക്കോ ഉയർന്ന ചികിൽസാ കേന്ദ്രങ്ങളിലേക്കോ റഫർ ചെയ്യുക
- ഉയർന്ന കേന്ദ്രങ്ങളിൽ നിന്നും തിരിച്ച് റഫർ ചെയ്യുന്നവരുടെ തുടർചികിൽസ നടത്തുക
- രാഷ്ട്രീയ ബാലസ്വാസ്ഥ്യകാര്യക്രമം (RBSK) ആരോഗ്യകിരണം (AK) തുടങ്ങിയ സ്കീമുകളെക്കുറിച്ച് വിവരങ്ങൾ നൽകുക

## 13. <u>കൗമാരസൗഹൃദ ആരോഗ്യസേവനങ്ങൾ</u>

- സാധാരണ ആരോഗ്യ പ്രശ്നങ്ങളുടെ തിരിച്ചറിയലും ഇടപെടലുകളും
- സ്പെഷ്യലിസ്റ്റിന്റെ സേവനം ആവശ്യം ഉള്ളവരെ റഫർ ചെയ്യുക
- അപകടസാധ്യതയുള്ള പെരുമാറ്റങ്ങൾ തിരിച്ചറിയുക
- ആരോഗ്യ വിദ്യാഭ്യാസവും കൗൺസലിംഗും നൽകുക

## 14. <u>സ്ത്രീസംബന്ധ രോഗങ്ങൾ</u>

### <u>i) ഗർഭകാല പരിചരണവും പ്രസവാനന്തര പരിചരണവും</u>

- മൂത്രപരിശോധനയിലൂടെ ഗർഭനിർണയം
- എല്ലാ ഗർഭിണികളെയും രജിസ്റ്റർ ചെയ്യുകയും മാതൃശിശു സംരക്ഷണകാർഡ് (MCP Card) നൽകുകയും ചെയ്യുക
- മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് 28 ആഴ്ചവരെ ഗർഭകാല പരിചരണം നൽകുക
- ഗർഭിണികളിലെ അപകടസാധ്യതകൾ തിരിച്ചറിഞ്ഞ് നേരത്തെ റഫർ ചെയ്യുക
- എല്ലാ ഗർഭിണികളെയും ജിഡിഎം, പി.ഐ.എച്ച്, വിളർച്ച, എസ്.റ്റി.ഐ എന്നിവ കണ്ടുപിടിക്കുവാനായി സ്ക്രീൻ ചെയ്യുക
- എല്ലാ ഗർഭിണികൾക്കും ടി.ടി കുത്തിവയ്പ്, അയൺ ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ ഇവ നൽകുക
- ഗർഭകാലയളവിൽ അനുയോജ്യമായ ആഹാരക്രമം, വ്യായാമം, വിശ്രമം എന്നിവയെക്കുറിച്ച് ഉപദേശം നൽകുക
- ഗർഭകാലത്ത് ഉണ്ടാകാവുന്ന സങ്കീർണ്ണതകൾ നിർണ്ണയിച്ച് ചികിൽസ നൽകുക, ആവശ്യമെങ്കിൽ റഫർ ചെയ്യുക
- 28 ആഴ്ച കഴിഞ്ഞ കാലയളവിലുള്ള ഗർഭിണികളെ പ്രസവ സേവന സൗകര്യങ്ങൾ ലഭ്യമായ കേന്ദ്രത്തിലേക്ക് റഫർ ചെയ്യുക
- ആശുപത്രിയിൽ നിന്നും വന്നതിന് ശേഷം പ്രസവാനന്തര പരിചരണം നൽകുക
- മാനസികാരോഗ്യപ്രശ്നങ്ങൾ ഉൾപ്പെടെ പ്രസവാനന്തരം ഉണ്ടാകാൻ സാധ്യതയുള്ള പ്രശ്നങ്ങളും പരാതികളും കൈകാര്യം ചെയ്യുക
- സങ്കീർണ്ണതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് റഫർ ചെയ്യുക
- ആഹാരക്രമം, മുലയൂട്ടൽ, പ്രസവാനന്തര വ്യായാമം, പ്രതിരോധ കുത്തിവയ്പ്പുകൾ

എന്നിവയെക്കുറിച്ച് ഉപദേശം നൽകുക

- മുലപ്പാൽ നൽകുന്ന എല്ലാ അമ്മമാർക്കും കാൽസ്യം, അയൺ & ഫോളിക് ആസിഡ് ഇവ നൽകുക
- നവജാതശിശുക്കളിൽ അപകടസൂചനകൾ കണ്ടെത്തി നേരത്തെ റഫർ ചെയ്യുക
- കുട്ടികൾ തമ്മിലുള്ള ഇടവേള, വന്ധ്യംകരണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ഉപദേശങ്ങൾ നൽകുക
- ജനനിശിശു സുരക്ഷാകാര്യക്രം (JSSK), ജനനി സുരക്ഷ യോജന(JSY), പ്രധാനമന്ത്രി സുരക്ഷിത മാതൃത്വ അഭിയാൻ (PMSMA) തുടങ്ങിയ പദ്ധതികളെക്കുറിച്ച് വിവരങ്ങൾ നൽകുക

**ii) ഗൈനക്കോളജി**

- എല്ലാ പ്രായത്തിലുള്ള സ്ത്രീകളിലെയും അസാധാരണമായ രക്തസ്രാവം പ്രാഥമികമായി മാനേജ് ചെയ്യുക, റഫർ ചെയ്യുക
- എല്ലാ പ്രായക്കാരിലും ഉള്ള ആർത്തവസംബന്ധമായ വേദന മാനേജ് ചെയ്യുക
- പ്രാഥമിക, ദ്വിതീയ തലത്തിലുള്ള ആർത്തവ പ്രശ്നങ്ങൾ റഫർ ചെയ്യുക
- ഡികൃുബിറ്റസ് അൾസർ ചികിൽസിക്കുക. ഗർഭപാത്ര തള്ളൽ ഉള്ളവരെ റഫർ ചെയ്യുക
- സങ്കീർണ്ണതകളില്ലാത്ത മൂത്രനാളീ അണുബാധ നിർണ്ണയിച്ച് ചികിൽസ നൽകുക
- യൂറിനറി ഇൻകോണ്ടിനൻസ് നിർണ്ണയിച്ച് റഫർ ചെയ്യുക
- എല്ലാ പ്രായക്കാരിലുമുള്ള വജൈനൽ ഡിസ്ചാർജ് മാനേജ് ചെയ്യുക, ആവശ്യമെങ്കിൽ റഫർ ചെയ്യുക
- ഉയർന്ന കേന്ദ്രങ്ങളിൽ നിന്നും തിരിച്ച് റഫർ ചെയ്യുന്നവരുടെ തുടർചികിൽസ നടത്തുക

**15. ത്വക് രോഗം**

**i)ഫംഗസ് അണുബാധകൾ**

- ടീനിയ, ഒണിക്കോമൈക്കോസിസ് (Onychomycosis) തുടങ്ങിയ സാധാരണ ഫംഗസ് അണുബാധകളെ തിരിച്ചറിഞ്ഞ് ചികിൽസിക്കുക
- വായിലെയും ജനനേന്ദ്രിയങ്ങളിലേയും കാൻഡിഡിയാസിസ്, കാൻഡിഡൽ ഇന്റർട്രിഗോ എന്നിവ ചികിൽസിക്കുക

**ii) ബാക്ടീരിയ മൂലമുള്ള അണുബാധകൾ**

ഹെർപസ് സോസ്റ്റർ, ഹെർപസ് സിംപ്ലക്സ്, വേരിസെല്ല, ഹാന്റ് ഫൂട്ട് ആന്റ് മൗത്ത് ഡിസീസ് (HFMD), മൊളസ്കം മുതലായ വൈറസ് അണുബാധകൾ തിരിച്ചറിഞ്ഞ് ചികിൽസിക്കുക.

**iii) മറ്റ് അവസ്ഥകൾ**

- മറ്റ് ത്വക് രോഗങ്ങളായ ആർട്ടികേരിയ, എക്സിമ, മുഖക്കുരു, ഡെർമറ്റൈറ്റിസ്

തുടങ്ങിയവ ചികിൽസിക്കുക

- സ്കാബീസ്(വട്ടച്ചൊറി), തിരിച്ചറിഞ്ഞ് ചികിൽസിക്കുക

## 16. ഇ.എൻ.റ്റി

### i) ചെവി - പ്രശ്നങ്ങൾ

- വേദന, നീരൊലിപ്പ്, കേഴ്വിക്കുറവ്, ചെവിക്ക് ചുറ്റുമുള്ള നീര്, ടിനിറ്റസ് മുറിവുകൾ തുടങ്ങിയ സാധാരണ ചെവിക്കുണ്ടാകുന്ന പ്രശ്നങ്ങൾ വിലയിരുത്തുക
- ചെവിയുടെ ഉപരിഭാഗത്തുള്ള അന്യ വസ്തുക്കൾ നീക്കം ചെയ്യൽ
- സങ്കീർണ്ണതകളില്ലാത്ത അക്യൂട്ട് സപ്പുറേറ്റീവ് ഓട്ടൈറ്റിസ് മീഡിയ (ASOM), Otitis externa കേസുകൾ ചികിൽസിക്കുക
- Chronic Suppurative Otitis Media രോഗികൾക്ക് തുടർചികിൽസ നൽകുക
- സി.എസ്.ഒ.എം, റെഡ്ഫ്ളാഗ് അടയാളങ്ങൾ തിരിച്ചറിഞ്ഞ് നേരത്തെ റഫർ ചെയ്യുക
- കേഴ്വിശക്തി കുറവുള്ള രോഗിയുടെ കേഴ്വിക്കുറവ് കണക്കാക്കുക, വിലയിരുത്തലിനായി റഫർ ചെയ്യുക.

### ii) മൂക്ക് - പ്രശ്നങ്ങൾ

- മൂക്കൊലിപ്പ്, തടസ്സം, തലവേദന, തുമ്മൽ തുടങ്ങിയ മൂക്കുമായി ബന്ധപ്പെട്ട സാധാരണ പ്രശ്നങ്ങൾ വിലയിരുത്തുക
- മൂക്കിൽ നിന്നുള്ള ചെറിയതോതിലുള്ള രക്തസ്രാവം ചികിൽസിക്കുക
- മുതിർന്നവരിൽ മൂക്കിനുള്ളിലെ ദൃശ്യമാകുന്ന അന്യ വസ്തുക്കൾ നീക്കം ചെയ്യുക
- അലർജി മൂലമുള്ള മൂക്കൊലിപ്പ് ചികിൽസിക്കുക
- മൂക്കിലെ ദശകൾ (Nasal Polyps), മൂക്കെല്ലിന്റെ വളവ് (Deviated Nasal Septum DNS) തുടങ്ങിയവ തിരിച്ചറിഞ്ഞ് ശസ്ത്രക്രിയയ്ക്കായി റഫർ ചെയ്യുക
- സങ്കീർണ്ണതകളില്ലാത്ത സൈനസൈറ്റിസ് ചികിൽസ
- ചെറിയ മുറിവുകൾ ചികിൽസിക്കുക

### iii) വായയുടെ ഉൾഭാഗം, തൊണ്ട-പ്രശ്നങ്ങൾ ( Oral Cavity & Throat Complaints)

- ഫാരിൻജൈറ്റിസ്, ടോൺസിലൈറ്റിസ് ചികിൽസിക്കുക
- ടോൺസിലൈറ്റിസ്, ഡിഫ്തീരിയ രോഗബാധയുടെ റെഡ്ഫ്ളാഗ് അടയാളങ്ങൾ തിരിച്ചറിഞ്ഞ് റഫർ ചെയ്യുക
- അത്യാഹിതങ്ങളായ അക്യൂട്ട് എപിഗ്ലോട്ടൈറ്റിസ്, സ്ട്രൈഡർ ലാരിങ്സിലെ അന്യവസ്തുക്കൾ എന്നിവ തിരിച്ചറിഞ്ഞ് മുൻകൂട്ടി റഫർ ചെയ്യുക
- ആഹാരം ഇറക്കാനുള്ള തടസവും വേദനയും തിരിച്ചറിഞ്ഞ് വിലയിരുത്തലിനായി റഫർ ചെയ്യുക

## 17. നേത്രരോഗങ്ങൾ (Ophthalmology)

- കാഴ്ചക്കുറവ്, നേത്രസംബന്ധമായ പ്രശ്നങ്ങൾ എന്നിവ നിർണ്ണയിക്കുന്നതിന് രോഗികളെ സ്ക്രീൻ ചെയ്യുക
- കണ്ണടകൾ കുറിച്ച് നൽകുക
- തിമിരം, ഡയബറ്റിക് റെറ്റിനോപ്പതി, ഗ്ലൂക്കോമ തുടങ്ങിയ അവസ്ഥകൾ തിരിച്ചറിഞ്ഞ് മുൻകൂട്ടി റഫർ ചെയ്യുക
- കണ്ണുകൾക്കുള്ള പിരിമുറുക്കം, തലവേദന എന്നിവ വിലയിരുത്തുക
- ചെങ്കണ്ണ്, കണ്ണിലെ ചുവപ്പ് എന്നിവ ചികിൽസിക്കുക
- Hordeolum ചികിൽസിക്കുക ആവശ്യമെങ്കിൽ റഫർ ചെയ്യുക
- കണ്ണിലെ മുറിവുകൾ വിലയിരുത്തുക, ആവശ്യമെങ്കിൽ റഫർ ചെയ്യുക
- കണ്ണിലെ അന്യ വസ്തുക്കൾ നീക്കം ചെയ്യുക
- റെഡ്ഫ്ളാഗ് അടയാളങ്ങൾ തിരിച്ചറിഞ്ഞ് റഫർ ചെയ്യുക

## 18. ദന്തരോഗങ്ങൾ

- പല്ലിനുണ്ടാകുന്ന സാധാരണ പ്രശ്നങ്ങളായ പല്ലിലെ കേടുപാടുകൾ, മോണ രോഗങ്ങൾ എന്നിവ തിരിച്ചറിയുക
- വായ്ക്കുള്ളിലെ ക്യാൻസറിന് മുന്നോടിയായുള്ള അവസ്ഥകളും മറ്റ് ദന്ത രോഗങ്ങളും കണ്ടുപിടിക്കുവാനുമായി രോഗികളെ സ്ക്രീൻ ചെയ്യുക
- വിദഗ്ദ്ധ സേവനം ആവശ്യമുള്ള രോഗികളെ റഫർ ചെയ്യുക

## 19. അടിയന്തര പരിചരണം (Emergency Care)

- അടിയന്തര സാഹചര്യങ്ങളിൽ അനുയോജ്യമായ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുന്നതിന് മുമ്പായി രോഗിക്ക് പ്രാഥമിക ചികിൽസ നൽകി സ്റ്റെബിലൈസ് നൽകുക
- പട്ടിയുടേയോ, മറ്റ് മൃഗങ്ങളുടെയോ കടിയേറ്റവർക്ക് ടെറ്റനസ് ടോക്സോയ്ഡ്,ആന്റി റാബീസ് വാക്സിനുകൾ നൽകണം. ക്ലാസ് III വിഭാഗത്തിൽപ്പെട്ട മുറിവുള്ളവരെ റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ നൽകുവാനായി റഫർ ചെയ്യുക
- അനാഫിലാക്സിസ് തിരിച്ചറിഞ്ഞ് പ്രാഥമിക ചികിൽസ നൽകി റഫർചെയ്യുക
- പാമ്പുകടി, വിഷബാധ, സൂര്യാഘാതം, അപസ്മാരം തുടങ്ങിയവയുമായി എത്തുന്നവരെ പ്രാഥമിക ചികിൽസ നൽകി റഫർ ചെയ്യുക

## 20. ലബോറട്ടറി സേവനങ്ങൾ

### i) സമയക്രമം

- അവശ്യലാബ് സേവനങ്ങൾ-

**തിങ്കൾ മുതൽ വെള്ളിവരെ**

ആറു ദിവസം രാവിലെ 8 മുതൽ വൈകിട്ട് 4 വരെ

(ഒരു ലാബ്ടെക്നീഷ്യൻ മാത്രമുള്ളപ്പോൾ)

- ഒന്നിൽ കൂടുതൽ ലാബ് ടെക്നീഷ്യൻമാർ ഉണ്ടെങ്കിൽ രണ്ടാമത്തെ ആൾ രാവിലെ 10.30 മുതൽ വൈകിട്ട് 6.30 വരെ ജോലി ചെയ്യുന്നതായിരിക്കും

**ii) <u>പരിശോധനകൾ</u>**

**A. Blood Haematology**

**a)** HB,TC,DC,ESR,PCV,Platelet Count,BT,CT

**b) Biochemistry**

- Blood Sugar-RBS/PPBS/FBS/GCT
- Blood Urea
- S creatinine
- S Bilirubin
- S Cholesterol
- HBA1c

**c) Serology**

- Rapid Tests VDRL/RPR/HbsAg and Widal

**B. Urine Analysis**

- Routine examination with dispsticks & microscopy.
- Bile salt and bile pigment
- Micro albumin

**C. Stool Analysis**

- Routine microscopy and occult blood

**D. All tests related to National programs as per guidelines at FHC level**

## 21. ഫാർമസി സേവനങ്ങൾ

**ഫാർമസി സേവനം ഏഴു ദിവസവും**

**തിങ്കൾ മുതൽ ശനി വരെ : രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ**

**ഞായറാഴ്ച : രാവിലെ 9 മണിമുതൽ ഉച്ചയ്ക്ക് 1.30 വരെ**

സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷാ ചികിൽസാ മാർഗ്ഗരേഖ പ്രകാരമുള്ള മരുന്നുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യും.

എങ്ങനെ മരുന്ന് കഴിക്കണം (ആഹാരത്തിന് മുമ്പ്, ആഹാരത്തിന് ശേഷം, സമയക്രമം, അളവ് തുടങ്ങിയ കാര്യങ്ങൾ ) പാർശ്വഫലങ്ങൾ, മറ്റ് മരുന്നുകളുമായുള്ള പ്രതിപ്രവർത്തനം, നേസൽ സ്പ്രേ, ഇൻഹേലറുകൾ, റോട്ടാ ഹേലേഴ്സ് തുടങ്ങിയവ ഉപയോഗിക്കുന്ന വിധം മുതലായ കാര്യങ്ങൾ വിശദീകരിച്ച് നൽകേണ്ടതാണ്.

## 22. കൗൺസലിംഗ്, ആരോഗ്യ വിദ്യാഭ്യാസം, ഗൈഡൻസ് സേവനങ്ങൾ

- ഗർഭിണികൾ : (ആഹാരക്രമം, പോഷകാഹാരം, ശിശുപരിരക്ഷ, വളർച്ചാ നിരീക്ഷണം, ഗർഭനിരോധന മാർഗ്ഗങ്ങൾ, സ്പേസിംഗ്, വിഷാദരോഗം, ആത്മഹത്യ തടയൽ ഉൾപ്പെടെ മാനസികാരോഗ്യം)

- പ്രസവം കഴിഞ്ഞ സ്ത്രീകൾ : (ആഹാരം, പോഷകങ്ങൾ, ശിശു സംരക്ഷണം, മുറിവുകൾ തടയൽ, വളർച്ചാ നിരീക്ഷണം, ഗർഭനിരോധന മാർഗ്ഗങ്ങൾ, സ്പേസിംഗ്, വിഷാദ രോഗം, ആത്മഹത്യ തടയൽ ഉൾപ്പെടെ മാനസികാരോഗ്യം)
- ദമ്പതികൾ : (കുടുംബാസൂത്രണം, കുഞ്ഞിന്റെ ജനനം, ശിശു രക്ഷ)
- കൗമാരക്കാർ : (ആഹാരം, വ്യായാമം, പുകയില, മദ്യം, മയക്കുമരുന്ന് ഒഴിവാക്കൽ, ആർത്തവ ശുചിത്വം, പ്രജനനാരോഗ്യം, ലിംഗബോധം, ആത്മഹത്യ തടയൽ, വിഷാദ രോഗം ഉൾപ്പെടെയുള്ള മാനസികാരോഗ്യ വിഷയങ്ങൾ)
- ജീവിതശൈലീരോഗങ്ങൾ : (ഭക്ഷണം, വ്യായാമം, പുകയില ഉപയോഗം നിർത്തൽ, മദ്യപാനം, സമ്മർദ്ദ അതിജീവനം)
- പ്രായമായവർ : (ഭക്ഷണം, വ്യായാമം, വീഴ്ചകൾ ഒഴിവാക്കൽ, മാനസികാരോഗ്യം)
- പ്രായമായ സ്ത്രീകൾ : (ആർത്തവ വിരാമപ്രശ്നങ്ങൾ, അസ്ഥിക്ഷയം)
- തീരെ അവശരായ ആൾക്കാർ : (ഭക്ഷണം, വ്യായാമം, ചികിൽസയോടുള്ള സമീപനം, മാനസികാരോഗ്യം)
- ലഹരി ഉപയോഗിക്കുന്നവരും രോഗസാധ്യത കൂടുതലുള്ളവരും (ഭക്ഷണം, വ്യായാമം, മാനസികാരോഗ്യം, ലഹരിമോചനം)
- പുകവലി നിർത്തൽ/ലഹരി വിമുക്തി സേവനങ്ങൾ (കൗൺസലിംഗ്, പുകവലി നിർത്താനുള്ള സഹായങ്ങളും റഫർ ചെയ്യലും, മദ്യപാനത്തിൽ നിന്നും മോചനത്തിനായി ലഹരി വിമുക്തി കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യലും).
- ഗാർഹിക പീഡന കേസുകളിൽ സംരക്ഷണം, കൗൺസലിംഗ്, ജാഗ്രതാ സമിതികൾ/ഒൺ സ്റ്റോപ്പ് ക്രൈസിസ് മാനേജ്മെന്റ് സെന്ററുകൾ (ഭൂമിക) എന്നിവിടങ്ങളിലേക്ക് റഫർ ചെയ്യൽ
- തീവ്ര രോഗാവസ്ഥയിലുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ഭിന്നശേഷിക്കാർ എന്നിവരുടെ സംരക്ഷകർക്ക് കൗൺസലിംഗ്.

## 23. പൊതുജനാരോഗ്യ സേവനങ്ങൾ

- ദേശീയ, സംസ്ഥാനതല ആരോഗ്യപരിപാടികളുടെ നടത്തിപ്പ്
- സാർവ്വത്രിക പ്രതിരോധ പരിപാടികളുടെ നടത്തിപ്പ്
- പകർച്ച വ്യാധികൾ, പകർച്ചേതര വ്യാധികൾ, മാനസികരോഗങ്ങൾ എന്നിവയുടെ നിയന്ത്രണം, പ്രതിരോധം, സ്ക്രീനിംഗ് പ്രവർത്തനങ്ങൾ
- സംയോജിത രോഗനിരീക്ഷണ പരിപാടി, വെക്ടർ നിരീക്ഷണം, വാർഷികരോഗ പ്രതിരോധ പദ്ധതി തയ്യാറാക്കൽ
- ആരോഗ്യസേവനങ്ങൾ നൽകാനുള്ള പദ്ധതി തയ്യാറാക്കൽ
- കൗൺസലിംഗ് സേവനങ്ങൾ
- പുകയില, മദ്യം, മറ്റ് മയക്ക്മരുന്നുകൾ എന്നിവയുടെ ഉപയോഗം നിയന്ത്രിക്കലും പ്രതിരോധവും
- ഡെയ്ഞ്ചറസ് & ഒഫൻസീവ് ട്രേഡ് പരിശോധനകളും പൊതുജനാരോഗ്യ നിയമം നടപ്പിലാക്കലും

- സ്ഥാപനാധിഷ്ഠിത സേവനങ്ങൾ (അങ്കണവാടികൾ, സ്കൂളുകൾ, ഹോസ്റ്റലുകൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, ഡേകെയർ സെന്ററുകൾ തുടങ്ങിയവ)
- ആവശ്യമുള്ള പ്രദേശങ്ങളിൽ - സാന്ത്വന പരിചരണം ഉൾപ്പെടെ വീടുകളിൽ നൽകുന്ന സേവനങ്ങൾ
- ഭിന്നശേഷിക്കാർ, ആദിവാസികൾ, ഇതര സംസ്ഥാനക്കാർ, നഗര, തീരദേശ വാസികൾ ഇവർക്കായി പ്രത്യേക സേവനങ്ങൾ
- ബന്ധപ്പെട്ട വകുപ്പുകൾ, ഏജൻസികൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനത്തിലൂടെ ആരോഗ്യത്തെ സ്വാധീനിക്കുന്ന നിർണ്ണായക ഘടകങ്ങളെ അഭിസംബോധന ചെയ്യുക

## 24. പുനരധിവാസ സേവനങ്ങൾ

- അംഗൻവാടികളിലും ക്യാംപുകളിലും വച്ച് വൈകല്യങ്ങൾ കണ്ടുപിടിക്കുവാനായി ആൾക്കാരെ സ്ക്രീൻ ചെയ്യുക
- നേരത്തെ തന്നെ കേസുകൾ ഡി.ഇ.ഐ.സി കളിലേക്ക് റഫർ ചെയ്യുക
- ഭിന്നശേഷിക്കാർക്ക് വേണ്ടി തുടർചികിൽസ നൽകുക
- വീൽ ചെയറുകൾ, ക്രച്ചസ് തുടങ്ങിയ ചലന സഹായികളും വൈദ്യസഹായവും വീടുകളിൽ ലഭ്യമാക്കുക
- വിവിധ വകുപ്പുകളുടെ ഏകോപനം സാമൂഹ്യനീതി വകുപ്പിന്റെയും സന്നദ്ധസംഘടനകളുടെയും സഹായത്തോടെ ഭിന്നശേഷിക്കാരെ കണ്ടെത്തുകയും, വികലാംഗപെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാപദ്ധതികളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുക
- പഞ്ചായത്തിന്റെയും സന്നദ്ധസംഘടനകളുടെയും സഹായത്തോടെ സാമൂഹികമായും തൊഴിൽപരമായും ഉള്ള പുനരധിവാസം ഭിന്നശേഷിക്കാർക്ക് നൽകുക
- ബുദ്ധിനിലവാരം, മാനസിക, കാഴ്ച, കേഴ്‌വി, സംസാരം, വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ കണ്ടെത്തുകയും പുനരധിവാസം സാദ്ധ്യമാക്കുകയും ചെയ്യുക
- സാമൂഹ്യനീതി വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ഡേകെയർ സെന്ററുകളിൽ വൈദ്യസഹായം നൽകുക
- ആശ്രയ ഗുണഭോക്താക്കൾക്ക് ആരോഗ്യസേവനങ്ങൾ നൽകുക
- ഭിന്നശേഷിക്കാരിൽ ജീവിതശൈലീരോഗങ്ങളും മറ്റ് രോഗങ്ങളും തടയുക
- ദീർഘകാല രോഗികൾ, മാനസിക വെല്ലുവിളികൾ ഉള്ളവർ, ഭിന്നശേഷിക്കാർ തുടങ്ങിയവരുടെ സംരക്ഷകർക്ക് പരിശീലനം

## 25. സാന്ത്വനപരിചരണം

- കിടപ്പുരോഗികൾക്കും സാന്ത്വനപരിചരണം ആവശ്യമുള്ള മറ്റ് രോഗികൾക്കും ഗൃഹ ചികിൽസ നൽകുക
- മോർഫിൻ ഗുളികകൾ, മറ്റ് വേദനസംഹാരികൾ എന്നിവ ആവശ്യാനുസരണം

നൽകി മരണാസന്നരായ രോഗികൾക്ക് വേദനയിൽനിന്നും ആശ്വാസം നൽകുക

- വ്രണങ്ങൾ, കിടക്കപ്പുണ്ണ് എന്നിവയിൽ മരുന്ന് വച്ച് കൊടുക്കുക
- ട്രക്കിയോസ്ടമി, കോളോസ്ടമി, പരിചരണം, ഓറൽ & ബ്ലാഡർ കെയർ
- മലബന്ധം, വയറിളക്കം, ശ്വാസതടസ്സം തുടങ്ങിയ അനുബന്ധ അവസ്ഥകളിൽ ലക്ഷണങ്ങൾ അനുസരിച്ചുള്ള ചികിൽസ നൽകി രോഗിയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക
- മരണാസന്നാവസ്ഥയിലുള്ള പരിചരണവും മരണാനന്തരം കുടുംബത്തിനുള്ള സഹായവും
- ആശുപത്രികളിലെത്താൻ പറ്റുന്നവർക്ക് ഒ.പി.ചികിൽസ
- സാന്ത്വന പരിചരണപദ്ധതിയിലുള്ളവർക്ക് മരുന്നുകൾ
- റൈൽസ് ട്യൂബ്, കത്തിമറൈസേഷൻ, ഉണങ്ങാത്ത മുറിവുകളുടെ പരിചരണം, ഫിസിയോതെറാപ്പി, ചലനസഹായികൾ എന്നിവയിലൂടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക
- പരിചരിക്കുന്നവർക്ക് പരിശീലനവും സഹായവും
- സഹായ ഉപകരണങ്ങൾ നൽകുക (സാന്ത്വന പരിചരണ പദ്ധതിയിൽ ഉൾപ്പെടുത്തി വീൽചെയറുകൾ, ക്രച്ചസ് മുതലായവ)

## 26. Medico-Legal Services

- മെഡിക്കോ-ലീഗൽ കേസുകൾക്ക് സേവനം
- പൊതുജനാരോഗ്യനിയമം, കോട്പ (COTPA), പി എൻ ഡി റ്റി ആക്ട്, പോക്സാ നിയമം, സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക ആക്രമം തടയുന്ന നിയമം 2005 ഇവ അനുസരിച്ചുള്ള സംരക്ഷണവും സേവനങ്ങളും

## 27. സർട്ടിഫിക്കറ്റുകളുടെ വിതരണം

- മെഡിക്കൽ ആന്റ് ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ് (Medical Fitness Certificate)
- വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (Age Certificate)
- ചികിൽസാധനസഹായം ലഭ്യമാക്കുവാൻ വേണ്ടിയുള്ള സർട്ടിഫിക്കറ്റ്
- ഹെൽത്ത് സർട്ടിഫിക്കറ്റ് (Certificate of Health)
- ഭക്ഷണം കൈകാര്യം ചെയ്യുന്നവർക്കുള്ള ആരോഗ്യസർട്ടിഫിക്കറ്റ്
- ശുചിത്വ സർട്ടിഫിക്കറ്റ് (Sanitation Certificate)
- ആക്സിഡന്റ് കം വൂണ്ട് സർട്ടിഫിക്കറ്റ്
- ചികിൽസാ സർട്ടിഫിക്കറ്റ് (Treatment Certificate)
- പൊട്ടൻസി സർട്ടിഫിക്കറ്റ് (Certificate of Potency)
- ഡ്രങ്കൺനെസ് സർട്ടിഫിക്കറ്റ് (Drunkenness Certificate)
- വിവിധ സാമൂഹ്യസുരക്ഷാ ആനുകൂല്യം ലഭിക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ആവശ്യമായ സന്ദർഭങ്ങളിൽ അപേക്ഷിക്കുമ്പോൾ നൽകേണ്ട സർട്ടിഫിക്കറ്റുകൾ

## 28. ആരോഗ്യ സേവന പ്രദാന പദ്ധതി (Health Care Service Delivery Plan)

i) വാർഷിക കുടുംബാരോഗ്യസർവ്വെ പൂർത്തിയാക്കിയതിനു ശേഷം ആ ജനതയ്ക്ക് നൽകേണ്ട ആരോഗ്യസേവനങ്ങളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന ഉത്തരവാദിത്വം കുടുംബാരോഗ്യസെന്ററിലെ ടീമിനാണ്. ഇ-ഹെൽത്ത് വിവര സങ്കേതങ്ങൾ കുടുംബാരോഗ്യ രജിസ്റ്ററുകൾ തയ്യാറാക്കുവാൻ ഉപയോഗിക്കാവുന്നതാണ്. ഇ-ഹെൽത്തിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള ഭൂമിശാസ്ത്രപരമായ വിശദവിവരങ്ങൾ, ചികിൽസാ ചരിത്രം, അപകടകരമായ ശീലങ്ങൾ, അളവുകൾ, രക്തത്തിലെ പഞ്ചസാരയുടെ അളവ്, രക്തസമ്മർദ്ദം, വീടുകളുടെ പാരിസ്ഥിതിക ഘടകങ്ങൾ, തൊഴിൽ വിവരങ്ങൾ, മറ്റ് അവശ്യവിവരങ്ങൾ തുടങ്ങിയ വിവിധ ഘടകങ്ങളും രേഖപ്പെടുത്തണം. എല്ലാ വർഷവും ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ഈ രജിസ്റ്ററുകൾ പുതുക്കേണ്ടതാണ്.

ii) കുടുംബാരോഗ്യരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ആരോഗ്യപരിരക്ഷാ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യക്തിക്കും നൽകേണ്ട ആരോഗ്യസേവനങ്ങളുടെ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇതിനെ തുടർന്ന് ഓരോ കുടുംബത്തിന്റെയും പ്രത്യേക ആവശ്യങ്ങൾ ഉൾപ്പെടുത്തി കുടുംബത്തിന് നൽകേണ്ട കുടുംബ ആരോഗ്യസേവനങ്ങളുടെ പദ്ധതി തയ്യാറാക്കണം. അവസാനമായി ജനതയുടെ ആവശ്യങ്ങൾ പരിഗണിച്ച് വാർഡ്, പഞ്ചായത്ത് തലത്തിൽ നൽകേണ്ട ആരോഗ്യസേവനങ്ങളുടെ പദ്ധതി തയ്യാറാക്കണം. ആരോഗ്യ ആവശ്യങ്ങളുടെ മാപ്പിംഗ് തയ്യാറാക്കിയതിനുശേഷം ഉത്തരവാദിത്വ മാപ്പിംഗ് തയ്യാറാക്കണം. സാഹചര്യങ്ങൾക്കനുസരിച്ച് ആരോഗ്യസേവനങ്ങൾ നൽകുവാനുള്ള ഉത്തരവാദിത്വം സാമൂഹ്യ ആരോഗ്യവോളണ്ടിയർ, എസ്.സി/എസ്.റ്റി പ്രൊമോട്ടർ, ആശ, അങ്കണവാടി പ്രവർത്തകർ, ഫീൽഡ് വിഭാഗം ജീവനക്കാർ, സ്റ്റാഫ് നഴ്സ്, മെഡിക്കൽ ഓഫീസർ എന്നിവർക്കായി നൽകേണ്ടതാണ്. ആരോഗ്യത്തെ സ്വാധീനിക്കുന്ന സാമൂഹ്യഘടകങ്ങൾ മെച്ചപ്പെടുത്തുവാനുള്ള വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി(HMC), വാർഡ്തല ആരോഗ്യശുചിത്വ പോഷക സമിതികൾ (WHSNC), ഏരിയ ഡെവലപ്പിംഗ് സൊസൈറ്റി (ADS)/കമ്മ്യൂണിറ്റി ഡവലപ്പിംഗ് സൊസൈറ്റി(CDS) ജാഗ്രതാസമിതി, ഊരുക്കൂട്ടം, പ്രാദേശിക സന്നദ്ധ സംഘടനകൾ തുടങ്ങിയ നിലവിലുള്ള വ്യവസ്ഥാപിത സംവിധാനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സേവനങ്ങൾ നൽകണം.

iii) കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങളുടെ ആസൂത്രണം, നടത്തിപ്പ്, നിരീക്ഷണം, വിലയിരുത്തൽ, തെറ്റുകൾ പരിഹരിക്കൽ എന്നിവയ്ക്കായി സംസ്ഥാന, ജില്ലാ, പഞ്ചായത്ത് തലത്തിൽ കമ്മറ്റികൾ രൂപീകരിക്കണം. കുടുംബ ആരോഗ്യകേന്ദ്രങ്ങളിലെ ടീം കുടുംബങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ മുൻകൂട്ടി കണ്ട്

പ്രവർത്തിക്കുന്നു. മുകളിൽ പരാമർശിച്ചിട്ടുള്ള സേവനങ്ങൾ പ്രവർത്തനത്തിനുള്ള സൂചനകൾ ആണ്. മാറി വരുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി നൽകേണ്ട സേവനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതാണ്. മരുന്ന്, റീയേജന്റുകൾ, കെമിക്കലുകൾ, ജീവനക്കാർ വാഹനസൗകര്യം എന്നീ കാര്യങ്ങളിൽ ഉണ്ടാകുന്ന കുറവ് പരിഹരിച്ച് കുടുംബ ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും സേവനങ്ങൾ മുടക്കം കൂടാതെ ലഭ്യമാകുന്നുവെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് സദാനന്ദൻ
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ ദൗത്യം, തിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
തദ്ദേശ സ്വയംഭരണ വകുപ്പ്
ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ